26768
15/12/17

**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 13.06.2016 ലെ W.P(C)32914/2015 നം. വിധിന്യായം പാലിച്ച് പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. കെ. സുജാതയെ ടി ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.251/2017/തസ്വഭവ തീയതി,തിരുവനന്തപുരം,13/12/2017**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 13.06.2016 ലെ W.P(C)32914/2015 നം. വിധിന്യായം

2. 25.11.2005 ലെ സ.ഉ(പി)നം. 501/2005/ധന ഉത്തരവ്.

3. പഞ്ചായത്തു ഡയറക്ടറുടെ 27.06.2017 ലെ ഇ 9-44825/16 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. കെ. സുജാത ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32914/2015 നമ്പർ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമന ക്രമവൽക്കരണത്തിനുള്ള അപേക്ഷയിൻമേൽ തീരുമാനം കൈകൊള്ളുന്നതിന് നിർദ്ദേശിച്ചു. നെല്ലായ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം കണ്ടിജന്റ് തസ്തിക സൃഷ്ടിച്ച് ശ്രീമതി. കെ. സുജാതയെ സ്ഥിരപ്പെടുത്തുന്നതിനായി പരാമർശം (2) ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ശ്രീമതി. കെ. സുജാതയുടെ അപേക്ഷയും അനുബന്ധ രേഖകളും അടങ്ങിയ പ്രൊപ്പോസൽ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ നെല്ലായ

ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ സ്വീപ്പറായി ജോലിനോക്കി വരുന്ന ശ്രീമതി. കെ. സുജാതയെ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ ടിയാളെ ഉത്തരവ് തിയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
ശ്രീമതി. കെ. സുജാത, പാർട്ട്ടൈം സ്വീപ്പർ, നെല്ലായ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
(സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല മുഖേന).
സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല -679 335
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/175/2017-Fin. തീയതി 27.11.2017 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/118/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ